## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ:632 | 29.06.2015-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗക്കാർക്കുള്ള ധനസഹായം

**ചോദ്യം**
**ശ്രീ. എസ്. ശർമ്മ**

**മറുപടി**
**ശ്രീമതി. പി. കെ. ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | 2013-14, 2014-15 വർഷങ്ങളിൽ വൈപ്പിൻ മണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ഭവന നിർമ്മാണം, മെയിന്റനൻസ് എന്നീ ഇനങ്ങളിലായി സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ വീടുകൾ അനുവദിച്ചിട്ടില്ല. എന്നാൽ 2013-14-ൽ അറ്റകുറ്റപണികൾക്കായി 1 ലക്ഷം രൂപ ഒരു ഗുണഭോക്താവിന് അനുവദിച്ചിട്ടുണ്ട്. |
| ബി) | ധനസഹായത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്നും എന്നത്തേയ്ക്ക് തുക അനുവദിക്കാനാകുമെന്നും വെളിപ്പെടുത്തുമോ; | ബി) | നിലവിൽ കുടിശ്ശിക ഒന്നും നൽകാനില്ല. |
| സി) | ധനസഹായത്തിന് അർഹരായ എത്രപേരുണ്ടെന്ന് വ്യക്തമാക്കാമോ? | സി) | വൈപ്പിൻ മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾ താമസിക്കുന്ന 19 വീടുകൾ മോശപ്പെട്ട അവസ്ഥയിലുണ്ട്. ടി ഗുണഭോക്താക്കൾ ഭവനനിർമ്മാണ ധനസഹായം, ഭവന അറ്റകുറ്റപണി ധനസഹായം എന്നിവ കൈപ്പറ്റിയിട്ട് നിശ്ചിത കാലയളവ് കഴിയാത്തതിനാലും, സ്വന്തം പേരിൽ ഭൂമി ഇല്ലാത്തതിനാലും നിലവിലെ |

| | | | |
|---|---|---|---|
| | | | നിയമപ്രകാരം ഈയിനങ്ങളിൽ ധനസഹായം അനുവദിക്കാൻ സാധിക്കുകയില്ല. 2014-15 വർഷം ബ്ലോക്കിൽ നിന്നും ഭവന നിർമ്മാണ ധനസഹായം അനുവദിച്ച 3 പേർ നാളിതുവരെ പ്രവർത്തി ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ